## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 56 — 26.09.2016 ൽ മറുപടിക്ക്

### ഇ-ഗവേണൻസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. സ്വരാജ്** | **ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, വീഡിയോ കോൺഫറൻസ്, മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ. ടി. മിഷൻ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി ആവശ്യമായ കൺസൽട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്.<br><br>ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥരുടെ ഐ.ടി. പ്രാഗൽഭ്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നടത്തി വരുന്നു. സർക്കാർ തലത്തിൽ വിവരസാങ്കേതിക വിദ്യയുടെ വ്യാപനം ത്വരിതപ്പെടുത്തുന്നതിനു വേണ്ടി തിരഞ്ഞെടുത്ത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വെർച്വൽ ഐ.ടി കേഡർ രൂപീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ, വിവിധ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ സംയോജിപ്പിച്ച് കൊണ്ടുള്ള ഒരു ഏകീകൃത എം-ഗവേണൻസ് മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാന ഐടി മിഷൻ വഴി വികസിപ്പിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ബി) | നിലവിൽ ഇ-ഗവേണൻസ് പൂർത്തിയായ വകുപ്പുകൾ ഏതെല്ലാം എന്ന് അറിയിക്കുമോ; | ബി) | നിലവിൽ ഇ-ഗവേണൻസ് പൂർണ്ണമായും നടപ്പിലാക്കിയ വകുപ്പുകൾ ഇല്ല. എന്നാൽ എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. വിവിധ വകുപ്പുകൾ അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നല്കിയിട്ടുണ്ട്. ഇത് വഴി പൊതു ജനങ്ങൾക്ക് അറിയിപ്പുകൾ നൽകാനും, അവരുമായി ആശയ വിനിമയം നടത്തുന്നതിനും സാധിക്കുന്നുണ്ട്. ഇ-പ്രൊക്യൂർമെൻറ്, ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്റ്റ് ആപ്ലിക്കേഷനുകളുടെ ഉപയോഗം നിർബന്ധമാക്കിയതിനാൽ വളരെയധികം വകുപ്പുകൾ/ ഓഫീസുകൾ ഈ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പേപ്പർ-രഹിത ഓഫീസുകളായി മാറുന്നതിന്റെ മുന്നോടിയായി പല വകുപ്പുകളിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ് മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിച്ചു വരുന്നുണ്ട്. |
| സി) | എല്ലാ വകുപ്പുകളിലും ഇ-ഗവേണൻസ് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) | ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നിർവഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ കീഴിലുള്ള പദ്ധതികൾ, അതാത് വകുപ്പുകൾ തന്നെയാണ് നിർവഹണ നിയന്ത്രണം നടത്തുന്നത്.<br><br>ഇതിനുപരിയായി, നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിലേക്കായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിങ്ങ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും ഉണ്ട്.<br><br>ഇ-ഗവേണൻസ് പദ്ധതികൾ ഡിജിറ്റൽ കേരള ഉദ്യമത്തിന് കീഴിൽ ഉൾപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ